Syro Malabar Commission for Liturgy

# നോമ്പ് നാലാം വെള്ളി - യോഹ 7: 25-31



മിശിഹായെക്കുറിച്ചുള്ള യഹൂദസങ്കല്പവും ഈശോയുടെ സ്വയം വെളിപ്പെടുത്തലുമാണ് വിചിന്തനവിഷയം. ചെങ്കോലും കിരീടവുമേന്തിയ രാജാവിനെയാണ് അവർ കാത്തിരുന്നത്. മിശിഹായുടെ വരവ് എവിടെനിന്നാണെന്ന് ആർക്കുമറിയില്ല എന്നാണ് അവർ വിശ്വസിച്ചിരുന്നത്. എന്നാൽ ഈശോയുടെ ജന്മദേശവും മാതാപിതാക്കളും ആരെന്ന് തങ്ങൾക്ക് അറിയാമെന്ന് യഹൂദർ പരസ്പരം പറഞ്ഞു. അതുകൊണ്ട് ഈശോയല്ല മിശിഹായെന്ന് അവർ പറയുന്നു. താൻ എവിടെനിന്നാണ് വരുന്നതെന്ന് അവർക്ക് അറിയില്ല എന്ന യാഥാർത്ഥ്യം ഉയർത്തിക്കാണിച്ചുകൊണ്ട് താൻതന്നെയാണ് മിശിഹായെന്ന് ഈശോ പറയുന്നു. വാസ്തവത്തിൽ ഈശോ വരുന്നത് പിതാവിൽനിന്നാണ്. ആ സത്യമാണ് അവർക്ക് അറിഞ്ഞുകൂടാത്തത്. ഈശോയുടെ ദൈവികഉത്ഭവത്തെക്കുറിച്ചുള്ള അജ്ഞത അവർ പുലർത്തുന്നു. ഈശോയെ അയച്ചത് പിതാവാണ്. തന്നെ അയച്ചവന്റെ ഇഷ്ടം പൂർത്തിയാക്കുകയായിരുന്നു ഈശോയുടെ ദൗത്യം. ഓരോ ക്രൈസ്തവന്റെയും ദൗത്യം മിശിഹായുടെ ജോലി ചെയ്യുകയെന്നതാണ്. ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായി മിശിഹായെ അംഗീകരിക്കുകയും ഏറ്റുപറയുകയും വേണം.

ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്

ReadMore:www.syromalabarliturgy.org